പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 352 08.02.2016-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി. സി പുനലൂർ ഡിപ്പോ

ചോദ്യം

ശ്രീ. കെ. രാജു :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുനലൂർ കെ.എസ്.ആർ.ടി.സി ഡിപ്പോ കോമ്പൗണ്ട് സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ഉണ്ടോ; | (എ) | ഉണ്ട്.<br>നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ സ്വന്തം നിലയിൽ പദ്ധതികൾ ഏറ്റെടുക്കുവാൻ കെ.എസ്.ആർ.റ്റി.സി.ക്ക് കഴിയുകയില്ല. ധനസഹായം ലഭ്യമായാലെ ടി പദ്ധതികളിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | ഗ്രൗണ്ട് ടാർ ചെയ്ത് സൗകര്യപ്രദമാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഗ്രൗണ്ട് ടാർ ചെയ്യാൻ എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പ്രവൃത്തിക്കായി നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ബസുകൾ നിർത്തിയിട്ടിരിക്കുന്ന ഗ്രൗണ്ടിന്റെ നടുക്ക് നിൽക്കുന്ന പഴയ മൂത്രപ്പുര പൊളിച്ചു മാറ്റണമെന്ന യാത്രക്കാരുടെയും ജനപ്രതിനിധികളുടെയും ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പുനലൂർ മുൻസിപ്പാലിറ്റി നിർമ്മിച്ച കെട്ടിടത്തിൽ ഒഴിഞ്ഞ് കിടക്കുന്ന മുറികൾ മുൻസിപ്പാലിറ്റിയുടെ ചെലവിൽ ടോയ്ലറ്റ് ആയി പുനഃനിർമ്മിച്ച് ജീവനക്കാരുടെ ഉപയോഗത്തിനായി നൽകുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി.യുടെ ടോയ്ലറ്റ് ബ്ലോക്ക് പൊളിച്ച് നീക്കുന്നതാണ്. |
| (ഡി) | ബഹുമാനപ്പെട്ട വകുപ്പ് മന്ത്രി നിർദ്ദേശിച്ചിട്ടും മേൽ വിഷയത്തിൽ ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ